കേരള സാഹിത്യ അക്കാദമി
തൃശൂർ
04.02.2018

പത്രക്കുറിപ്പ് 1

# ചെറുകഥ ചെറിയ കഥയല്ല : വൈശാഖൻ

തൃശൂർ : ചെറുകഥ എന്ന് പറയുന്നത് ചെറിയ കഥയല്ലെന്നും ഒരുപാട് ജീവിതങ്ങളെ അറിയാനുള്ളതിന്റെ ആമുഖമാണെന്നും കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖൻ പറഞ്ഞു. കഥ എന്ന് പറയുന്നതാണ് കൂടുതൽ ശരി. അതിനാൽ ചെറുകഥയെന്ന വാക്ക് റദ്ദാക്കേണ്ടതാണ്. നല്ലൊരു കഥ വായിക്കുന്നവരുടെ മനസ്സിൽ അതിനുമപ്പുറം നൂറ് കഥകളുണ്ടാവുമെന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് ഡോ.എം.എസ്.ഷബീറിന്റെ 'ഇരക്കൊരു മുഴം' കഥാസമാഹാരം എൻ.പി.ധനത്തിന് നൽകി പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യജീവിതത്തിന്റെ സർവകലാശാലകളാണ് പുസ്തകങ്ങൾ. ജീവിതത്തെ പഠിക്കാനുള്ളതാണത്. എല്ലാ പ്രൊഫഷണൽ കോളജുകളിലും ആഴ്ചയിൽ രണ്ട് മണിക്കൂറെങ്കിലും ലോകക്ലാസിക്കുകളും മറ്റും കുട്ടികളുടെ ശ്രദ്ധയിൽപെടുത്തണം. കഴിവുള്ളവരെ കൊണ്ടുവന്ന് ജീവിതത്തെ പഠിപ്പിക്കുന്ന ഇത്തരം കൃതികൾ പരിചയപ്പെടുത്തി സംസാരിപ്പിക്കുകയും വേണം. മാനവികബോധം നൽകാൻ ഇത് ഉപകരിക്കും.

വാക്ക് സമൂഹത്തിന്റെ സ്വത്താണ്. സമൂഹത്തിന് ഗുണപരമായ രീതിയിലാണ് വാക്ക് ഉപയോഗിക്കേണ്ടത്. ജീവിതത്തെക്കുറിച്ചുള്ള വിശുദ്ധമായ അതൃപ്തിയാണ് നല്ല പുസ്തകത്തിന് പ്രേരണയാകുന്നതെന്നും വൈശാഖൻ പറഞ്ഞു.

ഈ.ഡി.ഡേവീസ് അധ്യക്ഷനായി. ടി.എ.ഫസീല പുസ്തകപരിചയം നടത്തി. സോബിൻ മഴവീട്, ടി.ആർ.അനിൽകുമാർ, രഞ്ജിത്ത് പെരിങ്ങാവ്, പി.പി.സലീം, ഡോ.എം.എസ്.ഷബീർ, ആന്റോ തോട്ടുങ്ങൽ, പി.എച്ച്.സിറാജുദ്ദീൻ എന്നിവരും സംസാരിച്ചു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

## ഇന്നത്തെ പരിപാടി (05.02.2018)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവവേദിയിൽ 10ന് പ്രസംഗമത്സരം, 11ന് ഇലസ്ട്രേറ്റഡ് ക്ലാസിക്സ് : പത്ത് ലോകക്ലാസിക്കുകളുടെ ഗ്രാഫിക് രൂപം, വാമനാചാര്യന്റെ കാവ്യാലങ്കാരസൂത്രവൃത്തി : മൂലവും വിവർത്തനവും എന്നീ പുസ്തകങ്ങളുടെ പ്രകാശനം, 3ന് ആർ.വിശ്വനാഥന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ പ്രകാശനം : ഡോ.എം.എൻ.കാരശേരി, 4.30ന് സെമിനാർ : പ്രവാസം, കുടിയിറക്കൽ : നിസ്സഹായതയുടെ കാണാപ്പുറത്തെ സാഹിത്യം. മുഖ്യപ്രഭാഷണം : മുസ്തഫ അഹമ്മദ്, 6.30ന് കണ്ണൂർ സംഘചേതനയുടെ നാടകം 'കോലം'.